കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോഴിക്കോട് ജില്ല ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: ddlfakkd@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി.പി3/1942 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്.20
ഫോൺ. 0495-2371012
E-mail: ddlfakkd@yahoo.in

തീയ്യതി : 02.11.2016

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെഎസ്.എ.കെ.കെ.ഡി.പി3 /1942 /2016 തീയതി :02-11-2016.

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം |
|---|---|
| 9 | 14 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടികൾ പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.പ്രബോധ് കുമാർ.ഇ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.ഷിപിൻ പീറ്റർ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീമതി.ദിശ ആർ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.മഞ്ജുള<br>ശ്രീമതി.എൻ.ആർ.രാധിക, സെക്രട്ടറി (i/c)<br>ശ്രീ.പി.അപ്പുക്കുട്ടൻ |

| | |
|---|---|
| സെക്രട്ടറി | ശ്രീമതി. എൻ.ആർ.രാധിക |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി.ശ്രീവിദ്യ.എം.കെ | കൃഷി ഓഫീസർ | 01.04.2015മുതൽ 31.03.2016വരെ |
| ഡോ.സുബാഷ്.എസ്.<br>ഡോ.മുഹമ്മദ് നവാസ്<br>ഡോ.സജി.കെ.എസ്. | വെറ്ററിനറി സർജ്ജൻ | 01.04.2015മുതൽ 13.09.2015വരെ<br>14.09.2015മുതൽ 08.12.2015വരെ<br>09.12.2015മുതൽ 31.03.2016വരെ |
| ഡോ.ഉണ്ണികൃഷ്ണൻ.സി | മെഡിക്കൽ ഓഫീസർ<br>(ആരോഗ്യം) | 01.04.2015മുതൽ 31.03.2016വരെ |
| ഡോ.ആനന്ദ്.പി.ആർ. | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | 01.04.2015മുതൽ 31.03.2016വരെ |
| ഡോ.മുഹമ്മദ് മുസ്തഫ. | മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | 01.04.2015മുതൽ 31.03.2016വരെ |
| ശ്രീ.ഗോപാലകൃഷ്ണൻ.പി | വി.ഇ.ഒ. | 01.04.2015മുതൽ 31.03.2016വരെ |
| ശ്രീമതി.നന്ദിനി.വി.പി.<br>ശ്രീമതി.ജ്യോതിലക്ഷ്മി.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.2015മുതൽ 14.08.2015വരെ<br>15.08.2015മുതൽ 31.03.2016വരെ |
| ശ്രീമതി.രമേഷ് ദേവകി.കെ.വി | ഹെഡ് മാസ്റ്റർ | 01.04.2015മുതൽ 31.03.2016വരെ |
| ശ്രീമതി.പവിത്ര.കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01.04.2015മുതൽ 31.03.2016വരെ |
| ശ്രീമതി.സുരഭി വിജയൻ. കെ.എം<br>ശ്രീ.കെ.കെ.വേലായുധൻ. | അസിസ്റ്റന്റ് എൻജിനീയർ | 01.04.2015മുതൽ 06.08.2015വരെ<br>07.08.2015മുതൽ 31.03.2016വരെ |

ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| | ഭാഗം -1<br>പൊതു അവലോകനം. | |
|---|---|---|
| ക്രമ നം | ഖണ്ഡിക | ഇനം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം |
| 11 | 1-11 | അനുബന്ധ പത്രികകൾ |

| | | |
|---|---|---|
| | ഭാഗം-2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.<br>[1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ്.14, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം.19(1) 1996ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ, ചട്ടം.13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻ മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.] | |
| 12 | 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 13 | 2-2 | വസ്തു നികുതി വരവിനത്തിൽ 3.28 ലക്ഷത്തിൽപരം തുക കുടിശ്ശിക വരുത്തി. |
| 14 | 2-3 | വസ്തു നികുതി പിരിവ് - നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററുകൾ ഉപയോഗിക്കുന്നില്ല. |
| 15 | 2-4 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല. |
| 16 | 2-5 | സി.ബി.എസ്.ഇ.സ്കൂൾ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവ് ഈടാക്കുന്നു. |
| 17 | 2-6 | പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നു. |
| 18 | 2-7 | വനിത വ്യവസായകേന്ദ്രം മുറികൾ മുഴുവൻ ലേലം ചെയ്തില്ല. |
| 19 | 2-8 | പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| | ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>[1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ്.14, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം.19(2) 1996ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) | |

| | | |
|---|---|---|
| | ചട്ടങ്ങളിലെ, ചട്ടം.13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ ചെലവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.] | |
| 20 | 3-1 | ബജറ്റ് അവതരണം, അംഗീകാരം - നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല. |
| 21 | 3-2 | വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുമ്പോൾ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ പാലിക്കുന്നില്ല. |
| 22 | 3-3 | എം.പി.ഫണ്ട്, മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന തുക എന്നിവ വിനിയോഗിച്ച് സമഗ്ര പദ്ധതികൾ രൂപീകരിക്കുന്നില്ല. |
| 23 | 3-4 | സബ്സിഡി ലഭ്യമായ ഗുണഭോക്തക്കൾ കരാർ ലംഘനം നടത്തി. |
| 24 | 3-5 | മുട്ടക്കോഴി വിതരണം - അനർഹരായ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു. |
| 25 | 3-6 | എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയതിലെ അപാകതകൾ |
| 26 | 3-7 | മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല. |
| 27 | 3-8 | ഭവന നിർമ്മാണങ്ങൾക്ക് തുടർധനസഹായം പദ്ധതി രൂപീകരിച്ച് നൽകിയില്ല. |
| 28 | 3-9 | സബ്സിഡി അനുവദിച്ച് നിർമ്മാണം ആരംഭിച്ച ഭവന നിർമ്മാണങ്ങൾ പൂർത്തീകരിച്ചില്ല. |
| 29 | 3-10 | മേൽക്കൂര നവീകരണത്തിന് അനർഹമായി സബ്സിഡി അനുവദിച്ചു. |

| | | |
|---|---|---|
| | | |
| 30 | 3-11 | റോഡ് റീ-സോളിംഗ് ചെയ്തതുമൂലം പഞ്ചായത്ത് ഫണ്ടിന് സാമ്പത്തിക നഷ്ടം. |
| 31 | 3-12 | വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ കോൺക്രീറ്റ് റോഡ് നിർമ്മാണം - ഐ.ആർ.സി സ്പെസിഫിക്കേഷന്‍ വിരുദ്ധം |
| 32 | 3-13 | മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ |
| 33 | 3-14 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 34 | 3-15 | തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല. |
| 35 | 3-16 | പരിമിതമായ അടിസ്ഥാന സൗകര്യങ്ങളോട കൃഷി ഭവൻ പ്രവർത്തിക്കുന്നു. |
| | ഭാഗം - 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 36 | 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 37 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 38 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 39 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 40 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 41 | 4-6 | ഓഡിറ്റ് റിക്കവറി |
| 42 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികക ളുടെ വിശദാംശം. |

| | | |
|---|---|---|
| 43 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 44 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 45 | | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തീയതി | പുതുക്കിയ തീരുമാന നമ്പർ/തീയതി, |
|---|---|
| 59/16, 23.03.2015 | 60/16, 04.03.2016 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ഓഡിറ്റിൽ ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി |
|---|---|
| 31.07.2016 | 20-07-2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോട്ടു കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 36059957 |
| തൻവർഷ വരവ് | 30834456 |
| ആകെ വരവ് | 66894413 |
| ആകെ ചെലവ് | 56276732 |
| നീക്കിയിരിപ്പ് | 10617681 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3795414 | 15286489 | 19081903 | 11692286 | 61.27 |
| വികസന ഫണ്ട്(എസ്.സി.പി) | 7741320 | 4841000 | 12582320 | 3080124 | 24.47 |
| വികസന ഫണ്ട്(ടി.എസ്.പി) | 5000 | 5000 | 10000 | 5000 | 50 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2178057 | 3444000 | 5622057 | 4060274 | 72.22 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1404559 | 1968000 | 3372559 | 1746991 | 51.80 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5049605 | 3647068 | 8696673 | 6315509 | 72.61 |
| ലോക ബാങ്ക് സഹായം | 2956000 | ---- | 2956000 | 2380836 | 80.54 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 236 | 161 | | 75 | |

പദ്ധതികൾക്ക് തുക മുൻകൂറായി നൽകിയതിന്റേയും, തുടർ വർഷങ്ങളിൽ സ്പിൽ ഓവറായി നടപ്പാക്കുന്നതിനാലും പൂർത്തീകരിച്ചതായിട്ടുള്ള വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം കണക്കാക്കുവാൻ കഴിയുന്നതല്ല.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ എണ്ണം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 1839926 | 1488088 | 80.87 |
| വെറ്ററിനറി സർജ്ജൻ | 5 | 3 | 1168323 | 525229 | 44.95 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 1 | 1 | 369600 | 226630 | 61.31 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ. | 7 | 5 | 3037900 | 1265000 | 41.64 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 3822360 | 3768298 | 98.58 |
| സെക്രട്ടറി | 24 | 20 | 7362471 | 6022816 | 81.80 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 1691500 | 811600 | 47.98 |

| | | | | | |
|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 4 | 4 | 1079872 | 910792 | 84.34 |
| അസിസ്റ്റന്റ് എൻജിനീയർ | 173 | 107 | 44419908 | 20454897 | 46.04 |
| ആകെ | 236 | 161 | 65091860 | 35773350 | 54.95 |

## 1-7 തനത് വരുമാനം.

ഓഡിറ്റ് വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4271024 | 2924696 | 1346328 | (-)31.52 |
| നികുതിയേതര വരവുകൾ | 714441 | 613570 | 100871 | (-)14.11 |
| മറ്റ് വരവുകൾ (പലിശ) | 225215 | 174862 | 50353 | (-)22.35 |
| ആകെ | 5210680 | 3713128 | 1497552 | (-)28.74 |

## 1-8 ക്ഷേമപദ്ധതികൾ

| ക്രമ നം | ക്ഷേമപദ്ധതിയുടെ പേര് | 2015-16ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 19 | 2 | 17 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 16 | 12 | 4 |
| 3 | വിധവാ പെൻഷൻ | 88 | 75 | 4 |
| 4 | വികലാംഗ പെൻഷൻ | 22 | 18 | 2 |
| 5 | വാർദ്ധക്യകാല പെൻഷൻ | 221 | 198 | 8 |
| 6 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 3 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 15-10-16ന് നടത്തി. 3526 /- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.2016 മുതൽ 24.09.2016 വരെ | 2016ജൂലായ്, ആഗസ്റ്റ് | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2009-10 | LBA/HQ/V/8A-1694/157 Dtd.26.03.2013 |

## 1-11 അനുബന്ധ പത്രികകൾ.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ.

2015-16സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
2. ആസ്തി രജിസ്റ്റർ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയോ 31.03.2016 വരെ സൃഷ്ടിക്കപ്പെട്ട എല്ലാ ആസ്തികളുടേയും മൂല്യം സാംഖ്യയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.
3. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
4. വസ്തു നികുതി നിർണ്ണയം, ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ നിശ്ചിത

മാതൃകയിൽ തയ്യാറാക്കിയിട്ടില്ല.

5. വാർഷിക കണക്കിൽ ലോൺ ബാദ്ധ്യതയായി (ബി.5)20,507/- രൂപ ബുക്ക് ചെയ്തിട്ടുണ്ടെങ്കിലും ആയത് ഏതിനത്തിലുള്ള ലോണാണെന്ന് തിരിച്ചറിയുന്നതിനുള്ള വിവരം ഗ്രാമപഞ്ചായത്തിലെ രേഖകളിൽ ലഭ്യമല്ല.

6. സെക്രട്ടറി ഓഡിറ്റ് വേളയിൽ സമർപ്പിച്ച വരവിനങ്ങളുടെ കുടിശ്ശിക പട്ടിക പ്രകാരം വസ്തു നികുതിയിനത്തിൽ 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ 3,97,028 കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ (ബി.15) 2014-15 വരെയുള്ള കുടിശ്ശികയിനത്തിൽ 73,634/- രൂപയാണ് പിരിഞ്ഞു കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.

7. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

8. തൻവർഷത്തെ വസ്തു നികുതി ഡിമാന്റായി ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രികയിൽ 21,38,807/- രൂപയായിട്ടാണ് രേഖപ്പെടുത്തിയത്. ആയതിൽ 12,63,961/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. കുടിശ്ശികയായി 8,74,846/- (21,38,807 - 12,63,961) ബുക്ക് ചെയ്യുന്നതിനു പകരം 3,84,563രൂപയാണ് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസം വന്ന 4,90,283/- (8,74,846-3,84,563) വിശദാംശം വാർഷിക ധനകാര്യ പത്രികയിൽ നിന്നും വ്യക്തമാകുന്നില്ല.

മേൽ വിശദീകരിച്ച കാരണങ്ങളാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക ശരിയായ രീതിയിൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി വരവിനത്തിൽ 3.28 ലക്ഷത്തിൽപരം തുക കുടിശ്ശിക വരുത്തി.

ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമാണ് വസ്തുനികുതി. പഞ്ചായത്ത് രാജ് നിയമങ്ങളിലും, ചട്ടങ്ങളിലും, വ്യവസ്ഥ ചെയ്യുന്ന പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുകയും വേണം. 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തുനികുതി പിരിവ്

പരിശോധിച്ചതിൽ നിന്നും 18 വാർഡുകളിൽ നിന്നായി 3,28,469/- രൂപ കുടിശ്ശിക ഈടാക്കുവാനുണ്ട് (ഓഡിറ്റ് കാലയളവിലെ പിരിവ് പരിശോധിച്ചത് പ്രകാരം). വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് നം | നികുതിദായകരുടെ എണ്ണം | പിരിച്ചെടുക്കേണ്ട തുക | | പിരിച്ചെടുത്ത തുക | | ബാക്കി | പിരിവ് % |
|---|---|---|---|---|---|---|---|
| | | കുടിശ്ശിക | തന്നാണ്ട് | കുടിശ്ശിക | തന്നാണ്ട് | | |
| 1 | 569 | 24774 | 67141 | 23043 | 65797 | 3075 | 96.65 |
| 2 | 747 | 61935 | 162249 | 60520 | 135738 | 27926 | 87.54 |
| 3 | 524 | 35509 | 92039 | 34269 | 80602 | 12677 | 90.06 |
| 4 | 646 | 39638 | 102827 | 37410 | 94373 | 10682 | 92.5 |
| 5 | 667 | 38710 | 100745 | 36708 | 92518 | 10229 | 92.66 |
| 6 | 572 | 28077 | 73423 | 26574 | 64644 | 10282 | 89.86 |
| 7 | 687 | 38914 | 101233 | 36900 | 92720 | 10527 | 92.48 |
| 8 | 620 | 37161 | 96288 | 35535 | 89110 | 8804 | 93.40 |
| 9 | 505 | 28903 | 76084 | 27207 | 69398 | 8382 | 92.01 |
| 10 | 565 | 26012 | 67509 | 24992 | 65258 | 3271 | 96.50 |
| 11 | 643 | 41290 | 108631 | 38849 | 97882 | 13190 | 91.20 |
| 12 | 790 | 75770 | 184987 | 67481 | 151466 | 41810 | 83.96 |
| 13 | 569 | 37161 | 97790 | 35535 | 89110 | 10306 | 92.36 |
| 14 | 619 | 42941 | 112981 | 41965 | 99390 | 14567 | 90.65 |
| 15 | 769 | 67715 | 177389 | 64950 | 151018 | 29136 | 88.11 |
| 16 | 482 | 29077 | 74839 | 27874 | 64920 | 11422 | 89.00 |
| 17 | 978 | 145137 | 367891 | 81919 | 337482 | 93627 | 81.75 |
| 18 | 514 | 27077 | 74761 | 24574 | 68708 | 8556 | 91.59 |
| ആകെ | 11466 | 825801 | 2138807 | 726005 | 1910134 | 328469 | 88.92 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാവുന്ന തീയ്യതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ ഈ തുക കാലഹരണപ്പെടും. കാലഹരണപ്പെട്ട തുക ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെങ്കിൽ 12% പലിശ സഹിതം അവരിൽ നിന്നും ഈടാക്കാൻ വകുപ്പ് 243(3)ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടേണ്ട നിയമാനുസൃത നികുതി കുടിശ്ശിക ത്വരിതഗതിയിൽ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി പിരിവ് - നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററുകൾ ഉപയോഗിക്കുന്നില്ല.

14.01.2011 ലെ കേരള അസാധാരണ ഗസ്റ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. [സ.ഉ.(അ)നമ്പർ 20/2011/ത.സ്വ.ഭ.വ.]. 04.06.2013 ലെ (എം.എസ്)നമ്പർ 210/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി പരിഷ്കരണ നടപടി ക്രമങ്ങൾ നടത്തി കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ട സമയക്രമങ്ങളും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിൽ 14.01.2011 മുതൽ നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾക്ക് പ്രസ്തുത തീയ്യതി മുതലും, 14.01.2011 നു മുമ്പ് നിർമ്മിച്ചവയും നിലവിൽ പഞ്ചായത്ത് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതുമായ കെട്ടിടങ്ങൾക്ക് 01.04.2013 മുതൽ പ്രാബല്യത്തിലും പുതിയ നിരക്കിലുള്ള നികുതി നിരക്കുകൾ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമായ വസ്തുനികുതി കെട്ടിടങ്ങളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ [പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ, വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്നവ തുടങ്ങിയ രീതിയിൽ] തരംതിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിക്കാനും പഞ്ചായത്ത് രാജ് നിയമങ്ങളിലും, ചട്ടങ്ങളിലും, വ്യവസ്ഥചെയ്യുന്നുണ്ട്. ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രദേശങ്ങളെ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിക്കുകയും ഓരോ മേഖലകളിലും നിഷ്കർഷിച്ച നിരക്കിൽ, തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുകയും വേണം.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തുനികുതി പരിഷ്കരണം നടത്തി പുതിയ രീതിയിൽ നികുതി ഈടാക്കുന്നതിനായി 28.06.2011 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചതിന്റെ (നം.58/2011) അടിസ്ഥാനത്തിൽ കെട്ടിട ഉടമകളോട് വസ്തു നികുതി റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് പൊതുനോട്ടീസ് സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് പരിധിയിലെ

കെട്ടിടങ്ങളിൽ നിന്നും പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നുണ്ടെങ്കിലും, പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വസ്തുനികുതി നിർണ്ണയ റിട്ടേൺ രജിസ്റ്റർ (ഫോറം നം.3), വസ്തുനികുതി നിർണ്ണയ (അസ്സസ്സ്മെന്റ്) രജിസ്റ്റർ (ഫോറം.4), വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവ് രജിസ്റ്റർ തുടങ്ങിയവ മാന്വലായി സൂക്ഷിക്കുന്നില്ല. കെട്ടിട നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയ ഉടമസ്ഥർക്ക് ഒക്യുപെൻസി നൽകി പരിശോധന നടത്തി കെട്ടിട നമ്പർ അനുവദിച്ച് നികുതി ഈടാക്കുന്ന വിവരം സോഫ്റ്റ് വെയർ മുഖാന്തിരം ചെയ്യുന്നുണ്ടെങ്കിലും ആയതിന്റെ നടപടിക്രമങ്ങൾ ഫയലുകളുടെ കാര്യാലയക്കുറിപ്പിൽ വ്യക്തമായി രേഖപ്പെടുത്തുന്നില്ല. പ്രസ്തുത ഫയലുകളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയത് പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിൽ നിലനിൽക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് പരിധിയൽ ആകെ 12496 കെട്ടിടങ്ങളും, 5മൊബൈൽ ടവറുകളും സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ വസ്തുനികുതി നിർണ്ണയ (അസ്സസ്സ്മെന്റ്) രജിസ്റ്റർ (ഫോറം.4) എഴുതി സൂക്ഷിക്കാത്തതിനാൽ മേൽ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം തരം, വസ്തു നികുതി നിരക്ക് തുടങ്ങിയവ പരിശോധിക്കാനായിട്ടില്ല. പഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ വിനിസ്യചിട്ടുണ്ടെങ്കിലും ആയതിൽ ഓഡിറ്റ് വിഭാഗത്തിന് ലോഗിൻ ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ കെട്ടിട ഉടമകൾ സമർപ്പിക്കുന്ന വസ്തുനികുതി റിട്ടേൺ സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സൂക്ഷ്മമായി പരിശോധിച്ച്, റിട്ടേണിൽ പറയുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി കെട്ടിട ഉടമ സ്വയം നിർണ്ണയിച്ചിരിക്കുന്നത് വ്യവസ്ഥകൾക്ക് അനുസൃതമാണെന്ന് ബോദ്ധ്യപ്പെട്ടാൽ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ, വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കെട്ടിട ഉടമ സമർപ്പിച്ച വസ്തുനികുതി റിട്ടേണിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കപ്പെട്ട സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ 6 മാസത്തിനകം കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്ത് പോയി ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം സ്ഥിരപ്പെടുത്തുകയോ ഭേദഗതി ചെയ്ത് ആ വിവരം വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. [2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.12 (1,4) കാണുക].

വസ്തുനികുതി പിരിവിനായി നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററുകൾ ഉപയോഗിക്കുന്നതിൽ വീഴ്ച

വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും രജിസ്റ്ററുകൾ കാലികമാക്കി പരിശോധനക്കായി സമർപ്പിക്കേണ്ടതുമാണ്.

## 2-4 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വപരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസ്റ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല.

## 2-5 സി.ബി.എസ്.ഇ.സ്കൂൾ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവ് ഈടാക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 2015-16 സാമ്പത്തിക വർഷത്തിൽ സി.ബി.എസ്.ഇ. അഫിലിയേഷനോടു കൂടി പ്രവർത്തിക്കുന്ന പീസ് ഇന്റർനാഷണൽ, മർക്കസ് അൽഹില ഇംഗ്ലീഷ് എന്നീ സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽനികുതി ഈടാക്കിയപ്പോൾ കുറവ് വന്നിട്ടുണ്ട്. 1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നത് ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, മറ്റു ആനുകൂല്യങ്ങളും നൽകണമെന്നാണ്. [അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(v)കാണുക].

എന്നാൽ സി.ബി.എസ്.ഇ സ്കൂൾ അധികൃതർ സമർപ്പിച്ച തൊഴിൽനികുതി റിട്ടേണുകളിൽ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല.

മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശംപളവും മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയത്. ഇത് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്ത് ഫണ്ടിനും നഷ്ടം വരുത്തിയിട്ടുണ്ട്. സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും, രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നില്ല. കൂടാതെ സ്കൂളുകൾ സമർപ്പിച്ച റിട്ടേൺ പ്രകാരമുള്ള ശമ്പള വിവരങ്ങൾ ശരിയാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ കുറഞ്ഞ ശമ്പളം നൽകുന്ന വിവരം സി.ബി.എസ്.ഇ. അധികാരികളെ അറിയിക്കേണ്ട ചുമതല കൂടി പഞ്ചായത്തിന്റേതാണ്.

മേൽ വിവരിച്ച ബൈലോയിലെ ഖണ്ഡിക നം. 8(5) പ്രകാരം ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ എല്ലാ 5വർഷവും കൂടുമ്പോൾ സാക്ഷ്യപ്പെടുത്തി നൽകേണ്ടത് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. ഖണ്ഡിക13(3) പ്രകാരം ഏതൊരു സംസ്ഥാന/ കേന്ദ്ര/ലോക്കൽ അതോറിറ്റി ആവശ്യപ്പെടുന്ന വിവരങ്ങളും സമയ പരിധിക്കുള്ളിൽ നൽകാൻ സ്കൂൾ അധികാരികൾ ബാധ്യസ്ഥരാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങി, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, റിട്ടേണുകളുടെ കൃത്യത പരിശോധിക്കാതെ നികുതി ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

## **2-6** <u>പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നു.</u>

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209(ബി,സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചുവയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. വകുപ്പ് 209(ഡി) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് വകുപ്പ് 256 പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 10.08.2005 ലെ സി/5/15853/04 നമ്പർ സർക്കുലറിലൂടെ ഗ്രാമപഞ്ചായത്തുകളിൽ പരസ്യനികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകബൈലോ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

പഞ്ചായത്ത് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ പ്രദർശിപ്പിച്ച പരസ്യങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ആയവ സ്ഥാപിച്ചതുമായി സെക്രട്ടറി നൽകിയ അനുമതിപത്രങ്ങൾ, പരസ്യബോർഡുകളുടെ എണ്ണം, വലിപ്പം ചുവർപരസ്യങ്ങൾ തുടങ്ങിയവയും, പരസ്യനികുതി ഈടാക്കുന്നതിനായി തയ്യാറാക്കിയ ബൈലോ, നികുതി ഈടാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്നിവയും പരിശോധനക്ക് ലഭ്യമാക്കുവാൻ 14.10.2016ന് ഓഡിറ്റ് അന്വേഷണകുറിപ്പ് (3/15-16) മുഖേന സെക്രട്ടറിയോട് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ പരസ്യങ്ങളുടെ എണ്ണം, പരസ്യബോർഡുകൾ, ആയവയുടെ വലിപ്പം, പരസ്യങ്ങൾ പ്രദർശിപ്പിച്ച സ്ഥലങ്ങൾ, ഉടമസ്ഥന്റെ പേര്, പഞ്ചായത്തിൽ നിന്നും പരസ്യം പ്രദർശിപ്പിക്കുവാൻ സെക്രട്ടറി അനുമതി നൽകിയ പത്രികകൾ, ബൈലോയുടെ അംഗീകാരങ്ങൾ തുടങ്ങിയവ സഹിതം മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. നിലവിൽ പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പ്രദർശിപ്പിച്ച പരസ്യങ്ങൾക്ക് ഉത്തരവാദികളായവരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം , വകുപ്പ് 257(1), പട്ടിക.6 പ്രകാരം 500/- രൂപ പിഴ ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-7 വനിത വ്യവസായകേന്ദ്രം മുറികൾ മുഴുവൻ ലേലം ചെയ്തില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥയിൽ പറമ്പിൽ ബസാർ അങ്ങാടിയിലുള്ള വനിത വ്യവസായ കേന്ദ്രത്തിന്റെ K.R.P/8/35 (D) to (t) വരെ നമ്പർ നൽകിയ17 മുറികൾ ലേലം ചെയ്തു നൽകുന്നതിനായി 21.02.2014ന് പൊതു ലേലം നടത്തി. പഞ്ചായത്ത് ഭരണ സമിതിയുടെ 19.03.2016ലെ 66/2016നം. തീരുമാന പ്രകാരം ലേലം കൊണ്ടവർ വൈദ്യുതി ലഭിച്ച മുതലുള്ള വാടകയും പഞ്ചായത്ത് ഓഫീസിൽ അടച്ച് വൈദ്യുതി ചാർജ്ജ് എന്നിവ ഉൾപ്പെടെ കുടിശ്ശിക മുഴുവൻ അടച്ച് തീർക്കേണ്ടതും മേൽതുക അടക്കാത്തവരുടെ മുറികളും ഒഴിഞ്ഞ് കിടക്കുന്ന മറ്റ് മുറികളും ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ രജിസ്ററർ എന്നിവ പരിശോധിച്ചതിൽ മുഴുവൻ മുറികളും ലേലം ചെയ്ത് വാടക ഈടാക്കിയിട്ടില്ല. ലേലം കൊണ്ടവർ പഞ്ചായത്ത് സെക്രട്ടറിയുമായി ചമച്ച കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കേണ്ടതും മുഴുവൻ മുറികളും ലേലം ചെയ്ത് വാടക ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

## **2-8** പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218(1) പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ അതിനുശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ, പണിയുകയോ ചെയ്തിട്ടുള്ളതോ ആയതോ, അവ പഞ്ചായത്ത് ചെലവിൽ ഉണ്ടാക്കുകയോ പണിയുകയോ ചെയ്തിട്ടുള്ളവ ആയിരുന്നാലുമല്ലെങ്കിലും, പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭാവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ചു കൊണ്ടിരുന്നവ ഉൾപ്പെടെ ഉള്ള, എല്ലാ പൊതുജലമാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും, ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വിവിധ ഭാഗങ്ങളിലായി ഏതൊക്കെ സർവ്വേ നമ്പറുകളിൽ എത്ര അളവിൽ പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം, പുറമ്പോക്ക് ഭൂമികളിൽ സ്വകാര്യ വ്യക്തികൾ നടത്തിയ കൈയ്യേറ്റങ്ങൾ, ആയവ കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങലിലെ ചട്ടം.3(1) പ്രകാരം സെക്രട്ടറിക്ക് പ്രസിഡന്റിന്റെ അനുവാദത്തോടു കൂടി ലിഖിതമായ ഒരുത്തരവ് മൂലം ഒരു വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചോ, വസ്തുവിനെ സംബന്ധിച്ചോയുള്ള വിവരം നൽകാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാവുന്നതും അങ്ങിനെയുള്ള ഏതൊരു ഉത്തരവും വില്ലേജ് ഓഫീസർ പാലിക്കേണ്ടതുമാണ്.

ആയതിനാൽ നിയമപരമായി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാകേണ്ട ഭൂമികൾ ഏതെല്ലാമാണെന്ന് കണ്ടെത്തുവാൻ നടപടികൾ സ്വീകരിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബജറ്റ് അവതരണം, അംഗീകാരം - നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഒരു വർഷത്തേക്ക് വരുന്ന വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതെങ്ങനെയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിലേക്ക് ആവശ്യമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്തിൽ അംഗീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. 19.03.2015തീയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ 2015-16സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 23.03.2015 ലെ ഭരണസമിതി യോഗത്തിൽ (തീരുമാനം നമ്പർ.59/15) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19.03.2015ലെ തീരുമാനങ്ങൾ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റ് അവതരണമോ, വിശദമായ ബജറ്റ് ചർച്ചയോ നടത്തിയതായി മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
2. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 (5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ സർവ്വീസുകൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വച്ച് അംഗീകാരം വാങ്ങണം. എന്നാൽ 04.03.2016 ഭരണസമിതി യോഗത്തിൽ 2015-16 വർഷത്തിലെ ബഡ്ജറ്റ് പുതുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കാര്യകാരണങ്ങൾ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഭരണസമിതി ആദ്യ അംഗീകരിച്ച ബഡ്ജറ്റിൽ നിന്നും മുന്നിരിപ്പ് തുകയിൽ വ്യത്യാസമുള്ളത് മാത്രമാണ് ഇതിനൊരപവാദം. ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാളും അധികമായി യഥാർത്ഥ വരവ് ചെലവ് വന്നിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | 23.03.2015 ലെ ബഡ്ജറ്റ് പ്രകാരമുള്ളത് | 04.03.2016 ലെ ബഡ്ജറ്റ് പ്രകാരമുള്ളത് | വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 6,53,565 | 3,60,59,957 | 3,60,59,957 |
| തൻവർഷ വരവ് | 9,36,99,710 | 9,11,03,910 | 3,08,34,456 |
| ആകെ വരവ് | 9,43,53,275 | 9,43,53,275 | 6,68,94,413 |
| ആകെ ചെലവ് | 9,36,44,552 | 9,36,44,552 | 5,62,76,732 |
| നിക്കിയിരിപ്പ് | 7,08,723 | 7,08,723 | 1,06,17,68 |

3. വാർഷിക കണക്കുകളിലെ വരവ് ചെലവ് ബജറ്റ് പ്രകാരമുള്ള അനുമാന രേഖപ്പെടുത്തലുകളും തമ്മിൽ വളരെ വ്യത്യാസം കാണുന്നു. ഇതിൽ നിന്നും വരവ് ചെലവുകൾ എസ്റ്റിമേറ്റ് ചെയ്യാൻ ധനകാര്യ വിഭാഗത്തിന് കഴിഞ്ഞില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. സംസ്ഥാന ബജറ്റിന്റെ നാലാം ഉപപട്ടികയിൽ ഓരോ വർഷവും വിവിധ മേഖലകളിൽ ചെലവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാകുകയും ആയതിന്റെയടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി ബജറ്റ് തയ്യാറാക്കണം എന്നിരിക്കേ ബജറ്റും, വാർഷിക കണക്കും പരസ്പര പൂരകമല്ലാതെ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ ലംഘനമാണ്.

- 16.11.2013ലെ(എം.എസ്)362/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (ഖണ്ഡിക നം -14)ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശ ഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ല ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകരിക്കുന്നതിനു മുമ്പായി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ അംഗീകാരം ലഭിച്ചയുടനെ പദ്ധതി കൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശം പാലിച്ചല്ല ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കേണ്ട

അടിസ്ഥാന തത്ത്വങ്ങൾ പാലിച്ച് നിയമാനുസൃതമായ നടപടികളിലൂടെ ഭരണസമിതി മുൻപാകെ അവതരിപ്പിച്ച് അംഗീകരിക്കേണ്ടതാണ്.

## 3-2 വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുമ്പോൾ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ പാലിക്കുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3എ(സി))പ്രകാരം ദാരിദ്ര്യ ലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം തുടങ്ങിയവ സാധ്യമാക്കുന്നതിന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾക്ക് അർഹരായവരെ കണ്ടെത്തേണ്ടതുണ്ട്. സുതാര്യമായ നടപടി ക്രമങ്ങളിലൂടെ പക്ഷപാതരഹിതമായി ഗുണഭോക്താക്കളെ കണ്ടെത്തുക എന്ന പരമപ്രധാന ഉത്തരവാദിത്തം ഗ്രാമസഭകളിലൂടെ ഫലപ്രദമായി നടപ്പാക്കുന്നതിലൂടെയാണ് വികേന്ദ്രീകൃതാസൂത്രണം ലക്ഷ്യം കാണുക.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ടു നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭകളുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 02.09.1998 ലെ (പി)നം.181/98/ത.സ്വ.ഭ., 09.07.1999ലെ (പി) നം.138/99/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ മാർഗ്ഗരേഖകൾ പ്രകാരം ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കാര്യത്തിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സ്പോൺസർ ചെയ്യുന്ന പദ്ധതികളുടെ കാര്യത്തിൽ ആ പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പരിഗണിച്ചായിരിക്കണം പഞ്ചായത്തുകൾ മാനദണ്ഡം നിശ്ചയിക്കേണ്ടത്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികളിൽ ഡി.പി.സി.അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ തന്നെ ഗുണഭോക്തൃതെരഞ്ഞെടുപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ തീരുമാനിക്കണം. പദ്ധതിയിൻ കീഴിൽ അർഹരായ എല്ലാ ഗുണഭോക്താക്കളെയും പരിഗണിക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടാകുമ്പോൾ അർഹരായ ഗുണഭോക്താക്കളുടെ ഒരു ഹ്രസ്വലിസ്റ്റ് തയ്യാറാക്കുന്നതിനു പാലിക്കേണ്ട മുൻഗണന മാനദണ്ഡം രേഖാമൂലം വ്യക്തമായിത്തന്നെ പഞ്ചായത്തുകൾ പ്രസ്താവിച്ചിരിക്കേണ്ടതാണ്. പ്രൊജക്റ്റ് പ്രകാരമുള്ള സബ്സിഡി അല്ലെങ്കിൽ മറ്റുതരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകഴിഞ്ഞാൽ ഇതുസംബന്ധിച്ച് വ്യാപകമായ പ്രചാരണം നൽകേണ്ടതുണ്ട്. അതിനായി വിവിധ സ്രോതസ്സുകൾ, മാർഗ്ഗങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഉദാഹരണമായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ, രാഷ്ട്രീയ

പാർട്ടികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ. ഇതിനുപുറമെ പദ്ധതികളുടെ എണ്ണം, ഓരോ പദ്ധതിക്കുമുള്ള മാനദണ്ഡങ്ങൾ, തെരഞ്ഞെടുക്കപ്പെടേണ്ട ഗുണഭോക്താക്കളുടെ എണ്ണം എന്നിവ കാണിച്ചു കൊണ്ടുള്ള നോട്ടീസ് പ്രധാന പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കണം.

പദ്ധതികൾക്കായിട്ടുള്ള അപേക്ഷാഫോറങ്ങൾ (ലളിമായ രീതിയിലുള്ളവ) ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായുള്ള ഗ്രാമസഭ ചേരുന്നതിനുമുമ്പ് ജനങ്ങൾക്ക് വിതരണം ചെയ്യുകയും തിരികെ വാങ്ങുകയും വേണം. ഗുണഭോക്താക്കളുടെ അർഹതയും മുൻഗണനാക്രമവും സംബന്ധിച്ച മാനദണ്ഡങ്ങൾ ചേർത്ത് തീരുമാനിക്കുന്നതിനാവശ്യമായ എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്നതിനു വേണ്ട സൗകര്യം അപേക്ഷാഫോറത്തിൽ ഉണ്ടായിരിക്കണമെന്ന് മേൽ ഉത്തരവുകളിൽ നിഷ്കർഷിക്കുന്നുണ്ട്. അപേക്ഷ ഫോറങ്ങളുടെ വിതരണത്തിന് അയൽക്കൂട്ടങ്ങൾ, അങ്കണവാടിവർക്കർമാർ എന്നിവരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ പഞ്ചായത്തിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട് രൂപീകരിച്ച കമ്മിറ്റി പ്രസ്തുത അപേക്ഷകളിൽ ഗുണഭോക്താക്കൾ വസ്തുതകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളുവെന്നും, സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എല്ലാം പാലിച്ചിട്ടുണ്ടോയെന്നും പരിശോധിച്ച് മാർക്കടിസ്ഥാനത്തിൽ ഒരു കരട് പട്ടിക തയ്യാറാക്കി ഗ്രാമസഭകൾ മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങണം. ഇതിനായി ഒരു പ്രഫോർമ വെരിഫിക്കേഷൻ ഫോറം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നും മുൻഗണനക്രമ ലിസ്റ്റിനോടൊപ്പം പരിശോധന പൂർത്തിയാക്കിയതിനു ശേഷം മൊത്തത്തിൽ മുൻഗണന ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കേണ്ടതും, അന്തിമരൂപം നൽകി അംഗീകരിക്കേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലാവണം ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡി, സർക്കാരുകളിൽ നിന്നും ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കേണ്ടത്.

എന്നാൽ ഓഡിറ്റ് വർഷത്തിൽ വ്യക്തിഗത ഗുണഭോക്താക്കളെ ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കായുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിലെ നിർദ്ദശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

- പഞ്ചവൽസര പദ്ധതി പ്രകാരം 2012-17 കാലയളവിലേക്കുള്ള ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിലാവണം ജനകീയാസൂത്രണ പദ്ധതികളുടെ പ്രവർത്തനങ്ങൾ. അഞ്ചു വർഷത്തേക്കുള്ള പദ്ധതികൾക്കായി ഏറ്റെടുക്കാവുന്ന പ്രോജക്റ്റുകളുടെ സംഗ്രഹവും, വർഷം തിരിച്ചും, മുൻഗണന അനുസരിച്ചും, മേഖല തിരിച്ചും തയ്യാറാക്കണം. ഇതിനായി വിവിധ ഘട്ടങ്ങളിലെ സമയക്രമവും

സർക്കാർ നിശ്ചയിച്ച നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ മേൽ പറഞ്ഞ രീതിയിലുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കാത്തതിനാൽ വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിൽ കാലതാമസങ്ങൾ വന്നു. മേൽ കാലതാമസം കാരണം പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും കാലതാമസം വരുത്തി.

- പദ്ധതികൾക്കായുള്ള ഗുണഭോക്താക്കളുടെ യോഗ്യത മാനദണ്ഡങ്ങൾ പ്രത്യേകമായി ഗ്രാമസഭ ചർച്ച ചെയ്ത് തീരുമാനിക്കുന്നില്ല. പകരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയാണ് ചെയ്യുത്.
- ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്താതെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായുള്ള ഗ്രാമസഭകൾക്ക് തൊട്ടുമുമ്പുള്ള ഗ്രാമസഭയിൽ അപേക്ഷ ഫോറങ്ങളും മാനദണ്ഡങ്ങളും വിതരണം ചെയ്താണ് പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ആയതിനാൽ തന്നെ ഓരോ വാർഡിലെയും മുഴുവൻ ആളുകൾക്കും പദ്ധതി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.
- അപേക്ഷിക്കാൻ അർഹതയില്ലാത്തവരുടെ അപേക്ഷകൾ കാരണം രേഖപ്പെടുത്തി ഗ്രാമസഭയിൽ വായിച്ച് അംഗീകാരം വാങ്ങുന്നില്ല.
- പഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ അപേക്ഷഫോറങ്ങൾ ഓരോതരം പ്രൊജക്റ്റുകൾക്കായുള്ള വ്യത്യസ്ത മാനദണ്ഡങ്ങൾ പരിഗണിക്കുന്നതിന് ആവശ്യമായ മുഴുവൻ വിവരങ്ങളും അപേക്ഷയിൽ ചേർക്കാൻ സാധിക്കാത്ത തരത്തിലാണ്.
- ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നാമനിർദ്ദേശം ചെയ്യത് കമ്മിറ്റി രൂപീകരിച്ചില്ല. ആയതിനാൽ തന്നെ അപേക്ഷഫോറങ്ങളുടെ പരിശോധന, മാർക്കിടൽ എന്നിവയുടെ ആധികാരികതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിഞ്ഞില്ല. പരിശോധന സംവിധാനം ക്രമീകരിക്കാത്തതിനാൽ മിക്ക പദ്ധതികളിലും അനർഹർക്ക് സബ്സിഡി നൽകിയിട്ടുണ്ട്.
- ഗ്രാമസഭയിൽ അംഗീകരിച്ച മുൻഗണന ലിസ്റ്റുകൾ കൺവീനർ, ചെയർമാൻ, കോ-ഓഡിനേറ്റർ, പഞ്ചായത്ത് സെക്രട്ടറി, പരിശോധന സമിതിയംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- വാർഡ് അടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി അംഗീകരിക്കുന്ന രീതി കാരണം ആനുകൂല്യവിതരണം വാർഡ് അടിസ്ഥാനത്തിൽ വീതിക്കപ്പെട്ടു.

- സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയും മുൻഗണനയുമുള്ള മാനദണ്ഡങ്ങൾക്ക് പ്രചാരണം നൽകാഞ്ഞതിനാൽ വിവിധ പദ്ധതികളിൽ വ്യാപകമായി അനർഹർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടു. (ഉദാ. മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ).
- പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3(എ), 19.03.2003ലെ 13077/ഡി.പി.1/03/ത.സ്വ.ഭ.വ നം സർക്കുലർ പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്ര, സംസ്ഥാന സർക്കാർ പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് നിശ്ചയിക്കേണ്ടത് ഗ്രാമസഭകളിലൂടെയാണ്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ ഐ.എ.വൈ. ഭവന പദ്ധതിക്കൊഴികെ സർക്കാരിന്റെ മറ്റ് വകുപ്പുകളിലൂടെ നടപ്പാക്കിയ പദ്ധതികൾ, കൈമാറിയ സ്ഥാപനങ്ങൾ മുഖാന്തിരം സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്നിവയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഗ്രാമസഭകളിലൂടെയല്ല.

അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 എം.പി.ഫണ്ട്, മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന തുക എന്നിവ വിനിയോഗിച്ച് സമഗ്ര പദ്ധതികൾ രൂപീകരിക്കുന്നില്ല.

16.11.2013ലെ (എം.എസ്)362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക നമ്പർ 11.9.(എ.ബി.സി.ഡി.) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം പദ്ധതിയിൽ ഉൾപ്പെടുത്തിയോ അല്ലാതെയോ ചെയ്യേണ്ടുന്നതും, തദ്ദേശ ഭരണ സ്ഥാപനവുമായി ചേർന്നോ അല്ലാതെയോ മറ്റ് വകുപ്പുകളോ ഏജൻസികളോ, സ്ഥാപനങ്ങളോ, സംഘടനകളോ, മിഷനുകളോ, വ്യക്തികളോ ചെയ്യേണ്ടുന്നതും വിവിധ മേഖലകളിൽപ്പെടുന്നതുമായ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സമഗ്ര പരിപാടികൾ തയ്യാറാക്കണം. ഇപ്രകാരം തയ്യാറാക്കുന്ന സമഗ്ര പരിപാടിയിൽ വിഭവ സമാഹരണവും, സമഗ്രതയും ഉറപ്പ് വരുത്തുന്നതിനായി അതാത് തദ്ദേശഭരണ സ്ഥാപങ്ങൾ ഉൾകൊള്ളുന്ന നിയോജക മണ്ഡലാടിസ്ഥാനത്തിൽ അതാത് എം.എൽ.എ, എം.പി.മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംയോജനം നടത്തണം. എന്നാൽ മേൽ രീതിയിലെ പ്രവർത്തനങ്ങൾ ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളിൽ എം.പി.യുടെ വികസന ഫണ്ട്, വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടുകൾ വിനിയോഗിച്ച് വിവിധ മരാമത്ത് പ്രവൃത്തികൾക്ക് തുക ചെലവഴിക്കുന്നത് പദ്ധതി രൂപീകരണമില്ലാതെയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | ചെലവ് തുക | വൗച്ചർ നം, തീയ്യതി | ഫണ്ട് തരം |
|---|---|---|---|---|
| ചെറോമണ്ണിൽ ഗോപാലൻ മാസ്റ്റർ ജന്മശതാബ്ദി റോഡ് | ശ്രീ.പി.എം.ഷാജി | 2,83,019<br>14,151<br>2,830<br>3,00,000 | 21500008, 10.04.2015<br>21500009, 10.04.2015<br>21500010, 10.04.2015 | എം.പി.യുടെ വികസന ഫണ്ട് |
| പുറത്താട്ട് താഴം പൊൻമിലി താഴം റോഡ് | ശ്രീഎം.കെ.ശിവദാസൻ | 4,47,303 | 21501015, 15.03.2016 | |
| മുണ്ടൊടി പൊറ്റമ്മൽ പരപ്പിൽ റോഡ് | ശ്രീ.സി.വി.ആലിക്കോയ | 2,70,219<br>13,511<br>2,702<br>2,86,432 | 21500469, 18.09.2015<br>21500471, 18.09.2015<br>21500470, 18.09.2015 | വെള്ളപൊക്ക ദുരിതാശ്വാസ ഫണ്ട് |
| താമരത്ത് താഴം - ചെന്നിക്കോട്ട് താഴം റോഡ് | ശ്രീ.ഗണേശ്.ബി | 4,62,932<br>23,147<br>4,629<br>4,90,708 | 21500008, 10.04.2015<br>21500009, 10.04.2015<br>21500010, 10.04.2015 | |
| | ആകെ | 15,24,443 | | |

പ്രസ്തുത പ്രവൃത്തികളുടെ കൺവീനർമാരെ പഞ്ചായത്ത് ഭരണസമിതി തന്നെ നേരിട്ട് തെരഞ്ഞെടുത്ത് ശുപാർശ ചെയ്യുന്നതാണ്. 1994 ലെ കേരള പഞ്ചാത്ത് രാജ് നിയമം 3എ(ബി) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യേണ്ടത് ഗ്രാമസഭയുടെ അധികാരങ്ങളിലും, ചുമതലകളിലും, അവകാശങ്ങളിലും പെടുന്നവയാണ്. എന്നാൽ ഗ്രാമസഭകളിൽ ചർച്ച ചെയ്യാപ്പെടാതെയാണ് മേൽ പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത്. ഫണ്ട് വിനിയോഗം സംബന്ധിച്ചും പഞ്ചായത്ത് പരിധിയിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ചും ശരിയായ വിവരം ലഭ്യമായിരുന്നിട്ടും മേൽ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽപ്പെടുത്തിയിട്ടില്ല. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 സബ്സിഡി ലഭ്യമായ ഗുണഭോക്താക്കൾ കരാർ ലംഘനം നടത്തി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പദ്ധതി പേര്, നം - ആട് വളർത്തൽ, 30/15-16 (വനിത)

അടങ്കൽ തുക – 4,96,800/- ( വി.ഫണ്ട്. - 2,48,400/- + ഗു.വിഹിതം - 2,48,400)

ചെലവ് തുക – 82,800/- (വി.ഫണ്ട് - 41,400/- + ഗു.വിഹിതം - 41,400/-)

ബിൽ നം.3/15-16, 26.03.2016 (27600/-), 5/15-16, 31.03.2016 (13800/-)

മൃഗസംരക്ഷണം മേഖലയിൽ പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് സബ്സിഡിയായി പെണ്ണാടുകളെ വാങ്ങി നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. ഒരു ഗുണഭോക്താവിന് 3 ആടുകൾക്കായി 6,900/- രൂപ സബ്സിഡി നൽകിയ പദ്ധതിയുടെ (ആട് വളർത്തൽ, പ്രോജക്ട് നം.30/15-16) നിലവിലെ അവസ്ഥ സംബന്ധിച്ച് 19.10.2016 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് മേൽവിലാസം | റിമാർക്സ് |
|---|---|
| ശ്രീമതി.ആമിന എരച്ചേൻക്കാട്ടിൽ, പറമ്പിൽ ബസാർ, പറമ്പിൽ(പി.ഒ), കോഴിക്കോട് | പദ്ധതി പ്രകാരം ലഭ്യമായ 3 ആടുകളിൽ 2എണ്ണത്തിനെ വിൽപ്പന നടത്തിയതായി ബോദ്ധ്യപ്പെട്ടു. |
| ശ്രീമതി.സുജാത.യു.ടി, പാണ്ടിപുന്നത്തിൽ (ഹൗസ്) പറമ്പിൽ (പി.ഒ), കോഴിക്കോട്. | പദ്ധതി പ്രകാരം ലഭ്യമായ 3 ആടുകളെ ഗുണഭോക്താവ് സ്വന്തമായി വളർത്താൻ കഴിയാത്തതിനാൽ കൊടുത്തു. |

ഗ്രാമസഭകളിലൂടെ മാർക്കടിസ്ഥാനത്തിൽ അർഹത നിശ്ചയിച്ച് മുൻഗണന കണക്കാക്കി വാർഡ് മെമ്പർമാരുടെ നേതൃതത്തിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾ, തങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ യാതൊരു തരത്തിലും ദുരുപയോഗം ചെയ്യില്ല എന്ന് കരാർ മുഖേന പഞ്ചായത്തിൽ സത്യവാങ്മൂലം തരുന്നവരാണ്. എന്നാൽ മേൽ ഗുണഭോക്താക്കൾ പഞ്ചായത്തുമായി ചമച്ച കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയും, കരാർ ലംഘനം നടത്തുകയും ചെയ്തിട്ടുണ്ട്. മേൽ ഗുണഭോക്താക്കളോട് വിശദീകരണം ലഭ്യമാക്കി നടപടികൾ സ്വീകരിക്കേണ്ടതും സബ്സിഡി അനുവദിച്ച 11,500/- (2300x5) രൂപ നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കി വിവരങ്ങൾ ഓഡിറ്റിൽ

ലഭ്യമാക്കേണ്ടതുമാണ്.

## 3-5 മുട്ടക്കോഴി വിതരണം - അനർഹരായ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പദ്ധതി പേര്, നം - മുട്ടക്കോഴി വളർത്തൽ, 29/15-16

അടങ്കൽ തുക – 3,92,223/- ( വി.ഫണ്ട്. - 2,53,313/- + ഗു.വിഹിതം - 1,38,910/-)

ചെലവ് തുക – 3,42,529/- (വി.ഫണ്ട് - 2,53,313/- + ഗു.വിഹിതം - 89,216/-)

ഗ്രാമപഞ്ചായത്ത് പരിധിയിലെ നിവാസികളിൽ മുട്ടക്കോഴി വളർത്തൽ പ്രോൽസാഹിപ്പിച്ച്, മുട്ടയുൽപാദനം ഉയർത്തുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം (164/- രൂപ +വാറ്റ്) അടവാക്കുന്നമുറക്ക് 7 വീതം കോഴിക്കുഞ്ഞുങ്ങളെ (45-60ദിവസം പ്രായമായവ) നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ/ഡി.ഡി., ചെക്ക് നം, തീയ്യതി | തുക | ഫണ്ട് തരം |
|---|---|---|
| 2/15-16, 21.03.2016, (ഡി.ഡി 484136, 30.03.2016) | 183000 | വികസന ഫണ്ട്, ജനറൽ |
| 4/15-16, 23.03.2016, (ഡി.ഡി 485208, 06.04.2016) | 70313 | |
| ചെക്ക് നം. 085724, 29.03.2016 | 64452 | ഗുണഭോക്തൃ വിഹിതം |
| ചെക്ക് നം. 085725, 29.03.2016 | 24764 | |
| ആകെ | 342529 | |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപേക്ഷ ഫോറങ്ങൾ പരിശോധിച്ചതിൽ നിന്നും സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അനർഹരായവർക്കും സബ്സിഡി അനുവദിച്ചതായി കാണുന്നു. 16.11.2013 ലെ (എം.എസ്) നമ്പർ.362/2013/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക.3.2(9) പ്രകാരം കുടുംബ വാർഷിക വരുമാനം 50,000/- കയിൽ കവിയാത്തവർക്കും നാമമാത്ര ചെറുകിട കർഷകർക്കും മാത്രമാണ് സബ്സിഡിക്ക് അർഹതയുള്ളത്. മേൽ ഉത്തരവിലെ ഖണ്ഡിക 2.14 (i) പ്രകാരം സർക്കാർ, അർദ്ധ സർക്കാർ തുടങ്ങിയവയിലെ ജീവനക്കാർ, പെൻഷണർമാർ എന്നിവയിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബം ഉള്ളവരെ 50,000/- കുറവ് വരുമാനം ഉള്ളവരായി കണക്കാക്കാവുന്നതല്ല. അനർഹമായി സബ്സിഡി അനുവദിച്ചവരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | സബ്സിഡി തുക | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീമതി.ശ്യാമള,എരഞ്ഞിക്കൽ താഴത്ത് വാർഡ് നം.1 | 466 | ശ്രീമതി.ശ്യാമള സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം ഭർത്താവ് ശ്രീ. ശ്രീധരൻ സർക്കാർ ഉദ്യോഗസ്ഥനാണ്. |
| 2 | ശ്രീമതി.റീന,കുഴിയാങ്ങൽ പറമ്പ്, സൌപർണ്ണിക, പറമ്പിൽ(പി.ഒ) വാർഡ് നം.13 | 466 | ശ്രീമതി.റീന സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം ഭർത്താവ് ശ്രീ. രാധാകൃഷ്ണൻ സർക്കാർ ഉദ്യോഗസ്ഥനാണ് |
| 3 | ശ്രീമതി.കമല.എം.മൊടേരിയത്ത് വീട്, പറമ്പിൽ(പി.ഒ),വാർഡ് നം.13 | 466 | ശ്രീമതി.കമല. സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം മകൻ ശ്രീ.ഷാജി.എം സർക്കാർ ഉദ്യോഗസ്ഥനാണ് |
| 4 | ശ്രീമതി.ഖദീജ, ചപ്പാങ്ങയിൽ വീട്, ചെറിയാപ്പറ്റകുന്ന്, പറമ്പിൽ(പി.ഒ) വാർഡ്.നം.13 | 466 | ശ്രീമതി.ഖദീജ സമർപ്പിച്ച റേഷൻ കാർഡിന്റെ പക |

| | | | |
|---|---|---|---|
| | | | ർപ്പ് പ്രകാരം കുടുംബത്തിന്റെ പ്രതി മാസ വരുമാനം 9,542/-രൂപയാണ്. |
| 5 | ശ്രീമതി.നിർമ്മല, മങ്കവീട്ടിൽ, പറമ്പിൽ(പി.ഒ)വാർഡ് നം.16 | 466 | ശ്രീമതി.നിർമ്മല സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം ഭർത്താവ് ശ്രീ. വിശ്വനാഥൻ സർക്കാർ ഉദ്യോഗസ്ഥനാണ് |
| 6 | ശ്രീമതി.ജയവല്ലി, പെരുന്തിലേരി വീട്, പറമ്പിൽ, വാർഡ്.13 | 466 | ശ്രീമതി.ജയവല്ലി സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം സഹോദരൻ ശ്രീ.ഗിരീഷ് കുമാർ സർക്കാർ ഉദ്യോഗസ്ഥനാണ്. |
| 7 | ശ്രീമതി.സത്യവതി, ശ്രീഹരി (ഹൗസ്), കുരുവട്ടൂർ, വാർഡ് നം.18 | 466 | ശ്രീമതി.സത്യവതി സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം ഭർത്താവ് ശ്രീ.സുധാകരൻ സർവ്വീസ് പെൻഷണറാണ്. |

| | | | |
|---|---|---|---|
| 8 | ശ്രീമതി.ഷെമി മോൾ,വാളോറ വീട്, പയിമ്പ്ര (പി.ഒ) വാർഡ് നം.11 | 466 | ശ്രീമതി.ഷെമി മോൾ സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം കുടുംബത്തിന്റെ പ്രതിമാസ വരുമാനം 6,000/- രൂപയാണ്. |
| 9 | ശ്രീമതി.റംല, കുനിയേടത്ത് പറമ്പ്, കുരുവട്ടൂർ വാർഡ് നം.2 | 466 | ശ്രീമതി.റംല സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം കുടുംബത്തിന്റെ പ്രതിമാസ വരുമാനം 5,000/- രൂപയാണ്. |

ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളെ ലക്ഷ്യമാക്കി ഗ്രാമസഭകളിലൂടെ മാർക്കടിസ്ഥാനത്തിൽ അർഹത നിശ്ചയിച്ച് മുൻഗണന കണക്കാക്കി വാർഡ് മെമ്പർമാരുടെ നേതൃത്തത്തിൽ തെരഞ്ഞെടുത്തതാണ് മേൽ ഗുണഭോക്താക്കൾ. സബ്സിഡി മാർഗ്ഗരേഖ അർഹത മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷിക്കാൻ അർഹതയില്ലാത്ത ഗുണഭോക്താക്കൾക്കും പഞ്ചായത്ത് കമ്മറ്റിതന്നെ അർഹത, മുൻഗണന മാനദണ്ഡം നിശ്ചയിച്ച് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കാരണം അർഹരിൽ ഏറ്റവും അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കുക എന്ന ലളിതവും നീതിയുക്തവുമായ രീതി നടപ്പാക്കുന്നതിൽ പഞ്ചായത്ത് ഭരണ സമിതി തന്നെ വീഴ്ച വരുത്തി. ദാരിദ്ര്യ ലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം എന്നിവ സാധ്യമാക്കുന്നതിന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾക്ക് അർഹരായവരെ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ പക്ഷപാതരഹിതമായി കണ്ടെത്തുക എന്ന പരമപ്രധാന ഉത്തരവാദിത്തം ഗ്രാമസഭകളിലൂടെ ഫലപ്രദമായി നടപ്പാക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. അനർഹരായ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ച തുക 4,194/- (466x9)

നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പഞ്ചായത്ത് പരിധിയിൽ വസിക്കുന്ന എസ്.സി. വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സൈക്കിൾ വാങ്ങി നൽകുന്നതിനായിട്ടാണ് താഴെ പറയുന്ന തരത്തിൽ പദ്ധതി രൂപീകരിച്ച് തുക ചെലവഴിച്ചത്

| പദ്ധതിയുടെ പേര്, നം | അടങ്കൽ തുക | ചെലവ് തുക | ബിൽ നം, തീയ്യതി | വാങ്ങിയത് |
|---|---|---|---|---|
| എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ, 220/15-16 | 4,40,000/- (വി.ഫണ്ട്, എസ്.സി.പി.) | 2,70,920/- | 06/15-16, 30.03.2016 | 1) Byecycle for Boys – Atlas (with all accessories)- 1,59,200/- (4150x40=166000, Discount– 6800)<br>2)Byecycle for girls –Atlas (with all accessories) – 111720/- (4240x28=118720, Discount-7000)<br>Total=1,59,200+1,11,720=2,70,920/ |

വിദ്യാർത്ഥികൾക്കായി മേൽ തരത്തിലുള്ള സൈക്കിൾ വാങ്ങിയത് കാലിക്കറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രിനേർസ് സർവ്വീസ് കോ.ഓപ്പറേറീവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നുമാണ്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയോട് ആവശ്യപ്പെട്ടു. (ഓ.എസ്.നം.07/15-16, 15.10.2016)

1. 08.11.2010ലെ (പി)259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ. സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ

പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം സാധനങ്ങൾ സമാഹരിക്കുമ്പോൾ താഴെ പറയുന്ന നടപടിക്രമങ്ങൾ നിർബന്ധമായും പാലിക്കണം.

- "വാങ്ങേണ്ടിയിരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യുക
- നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങുക.
- 1,00,000/- രൂപയിൽ കൂടുതൽ മതിപ്പ് വില വരുന്ന പർച്ചേയ്സുകൾക്കുള്ള ടെണ്ടറുകൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം."

എന്നാൽ പത്രങ്ങളിൽ പരസ്യം ചെയ്യാതെയും ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും സൈക്കിളുകൾ കാലിക്കറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രിനേർസ് സർവ്വീസ് കോ.ഓപ്പറേറീവ് സൊസ്സൈറ്റി ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുവാൻ നടപടികൾ സ്വീകരിച്ചത് ഫയലിൽ വിശദീകരിച്ചിട്ടില്ല.

1. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡികകൾ 8.17 - 8.20 പ്രകാരം സ്ഥാപനത്തിൽ നിന്നും കരാർ തുകയുടെ 5% പെർഫോർമെൻസ് സെക്യൂരിറ്റിയായി വാങ്ങണം. എന്നാൽ അപ്രകാരം പെർഫോർമെൻസ് സെക്യൂരിറ്റി വാങ്ങിയിട്ടില്ല.
2. അറ്റ് ലസ് കമ്പനി നിർമ്മിച്ച് ഐ.എസ്.ഐ മാർക്കോടു കൂടിയതും രണ്ട് തരം ബ്രാൻഡഡ് സൈക്കിളുകളാണ് വിദ്യാർത്ഥികൾക്ക് വാങ്ങിയി നൽകിയിട്ടുള്ളത്. ഐ.എസ്.ഐ മുദ്രയുള്ള ഉൽപന്നങ്ങൾ വാങ്ങുമ്പോൾ കമ്പനിയിൽ നേരിട്ടോ അംഗീകൃത ഡീലർമാരിൽനിന്നോ വാങ്ങേണ്ടതാണ്. ഇൻഡസ്ട്രിയൽ ഉൽപ്പനങ്ങൾ വിതരണം നടത്തുന്ന കാലിക്കറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രിനേർസ് സർവ്വീസ് കോ-ഓപ്പറേറീവ് സൊസൈറ്റി ലിമിറ്റഡ് എന്നവരെ അറ്റ്ലസ് കമ്പനി നിർമ്മിച്ച നൽകുന്ന സൈക്കിളുകൾ വിതരണത്തിന് ചുമതലപ്പെടുത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല.
3. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ.12 പ്രകാരം സാധനം വാങ്ങുമ്പോൾ സർക്കാരിലേക്ക് അടയ്ക്കേണ്ട വാറ്റ് സാധനത്തിന്റെ വിലയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്. ഈ തുക സർക്കാരിലേക്ക് അടവാക്കിയെന്ന് നിർവഹണോദ്യാഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. വിതരണക്കാരൻ നൽകിയ ഇൻവോയിസിൽ വാറ്റ് ഇനത്തിൽ കേരള സർക്കാരിലേക്ക് അടവാക്കാനുള്ള തുക എത്രയെന്ന്

രേഖപ്പെടുത്തിയിട്ടില്ല.

4. 1996 കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ, ചട്ടം. 6(3) പഞ്ചായത്തിലേക്ക് ഏതെങ്കിലും സാധനങ്ങൾ സംഭരിച്ച് കൊടുക്കുന്നതിനോ, സേവനം ലഭ്യമാക്കുന്നതിനോ വേണ്ടിയുള്ള കരാറുകൾ രേഖാമൂലമായിരിക്കേണ്ടതും, ആ കരാറിൽ ലഭ്യമാക്കുന്ന സാധനങ്ങളുടെ വിവരം, ഗുണനിലവാരം, സേവനം ഏത് പ്രകാരത്തിലും ഏത് കാലയളവിൽ വരെ ആയിരിക്കണമെന്ന വിവരം, സാധനങ്ങൾ ലഭ്യമാകേണ്ട തീയതി എന്നിവ അതത് സംഗതി പോലെ വ്യക്തമായി പറഞ്ഞു കൊണ്ട് തയ്യാറാക്കണം. എന്നാൽ സൈക്കിളുകൾ വാങ്ങിയപ്പോൾ മേൽ വിവരിച്ച പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ, പ്രൊക്യൂർമെന്റ് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് സ്ഥാപനവുമായി കരാർ ചമച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച മറുപടി താഴെ കൊടുക്കുന്നു. "പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 20.01.2016 ലെ യോഗതീരുമാന പ്രകാരം ഉചിതമായ നടപടിക്രമമനുസരിച്ചും, നിരക്കുകൾ താരതമ്യം നടത്തി പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിലാണ് വാങ്ങിയത്." കമ്പോളവില പരിശോധിക്കാതെയും, വാങ്ങുന്ന സാധനങ്ങൾ അതത് സ്ഥാപനം നിർമ്മിച്ചതാണെന്നും ഉറപ്പ് വരുത്താതെയും നടത്തുന്ന പർച്ചേയ്സുകൾ കേരള സ്റ്റോർ പർച്ചേയ്സ് മാന്വലിന്റെയും പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെയും ലംഘനമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും.സർക്കാർ നിർദ്ദേശ പ്രകാരം പർച്ചേസുകൾ നടത്തേണ്ടതുമാണ്.

## 3-7 മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ
പദ്ധതി പേര്, നം - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, 31/15-16
അടങ്കൽ തുക – 6,08,100/- (വികസന ഫണ്ട്)
ചെലവ് തുക – 6,08,100/- (ബിൽ നം. 4/15-16, 21.03.2016)

ഗ്രാമപഞ്ചായത്ത് പരിധിയിൽ വസിക്കുന്ന മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം നടത്തുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിലൂടെ 51 വിദ്യാർത്ഥികൾക്ക് മേൽ വിവരിച്ച രീതിയിൽ പഞ്ചായത്ത് ഫണ്ട് പിൻവലിച്ച് സ്കോളർഷിപ്പായി വിതരണം നടത്തിയിട്ടുണ്ട്.

16.11.2013 ലെ (എം.എസ്) നമ്പർ.362/2013/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) അനുബന്ധം 16 ഖണ്ഡിക 5(8) പ്രകാരം മേൽ

വിഭാഗത്തിൽപെട്ടവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾ യഥാക്രമം 50:25:25എന്ന അനുപാതത്തിലാണ് വകയിരുത്തി ചെലവഴിക്കേണ്ടത്. എന്നാൽ ആയതിനു പകരം ഗ്രാമപഞ്ചായത്ത് ഫണ്ടാണ് മുഴുവനായി വകയിരുത്തി ചെലവഴിച്ചത്. സർക്കാർ നിർദ്ദേശം പാലിക്കാതെ തുക ചെലവഴിച്ച 3,04,050/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-8** ഭവന നിർമ്മാണങ്ങൾക്ക് തുടർധനസഹായം പദ്ധതി രൂപീകരിച്ച് നൽകിയില്ല.

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. മുൻ വർഷങ്ങളിൽ ഭവന നിർമ്മാണ പദ്ധതി മുഖേന ആനുകൂല്യം ലഭിച്ച് നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് തുടർ ധനസഹായം നൽകിയിട്ടുണ്ട്. ഇ.എം.എസ്.ഭവന പദ്ധതിയിൽ ഉൾപ്പെട്ടവർക്കാണ് ലോൺ തുകയിൽ നിന്നും 52,500/- രൂപ പിൻവലിച്ച് നൽകിയത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | തുക | ചെക്ക് നം, തീയ്യതി |
|---|---|---|---|
| 1 | ശ്രീമതി.ഷീജ, പയങ്ങരചാലിൽ, പയിമ്പ്ര (പി.ഒ). | 7500 | 036852, 05.02.2016 |
| | | 15000 | 024148, 03.06.2015 |
| 2 | ശ്രീ.ശിവദാസൻ, വൻകണക്കിൽ, ചെറുവറ്റ. | 7500 | 024149, 03.06.2015 |
| 3 | ശ്രീ.അനിൽകുമാർ, കോലാപറമ്പത്ത്, കുരുവട്ടൂർ. | 15000 | 024150, 21.01.2016 |
| 4 | ശ്രീ.രാഘവൻ, കീഴ്പത്ത്, കുരുവട്ടൂർ. | 7500 | 036851, 27.01.2016 |
| | ആകെ | 52,500 | |

16.11.2013 ലെ (എം.എസ്) നമ്പർ.362/2013/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക.7(1) പ്രകാരം പ്രത്യേകം നിർദ്ദേശിക്കപ്പെട്ടില്ലെങ്കിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാനിടയുള്ള എല്ലാ ഫണ്ടുകളും, തനത് ഫണ്ട് ഗുണഭോക്തൃ വിഹിതം, സമാഹരിക്കാൻ കഴിയുന്ന വായ്പകൾ, സംഭാവന, സന്നദ്ധസേവനം, മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് സമാഹരിക്കാൻ കഴിയുന്ന ഫണ്ടുകൾ എന്നിവ പദ്ധതിയുടെ വിഭവസ്രോതസ്സായി കണക്കാക്കാവുന്നതാണ്.

ഖണ്ഡിക.10 പ്രകാരം ഗുണഭോക്താക്കൾക്ക് സബ്സിഡി/ധനസഹായം എന്നിവ നൽകേണ്ടത് സബ്സിഡി മാർഗ്ഗരേഖ പാലിച്ചായിരിക്കണം. അനുബന്ധം.16ഖണ്ഡിക.2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും, മാർഗ്ഗരേഖക്ക് വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തിയിൽ നിന്നും ബാധകമായ നിയമവ്യവസ്ഥക്ക് വിധേയമായി ഈടാക്കുന്നതാണ്.

പദ്ധതി രൂപീകരിക്കാതെ ഭവന നിർമ്മാണങ്ങൾക്ക് സബ്സിഡി അനുവദിച്ചതിന് വിശദീകരണം

ലഭ്യമാക്കേണ്ടതും, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 സബ്സിഡി അനുവദിച്ച് നിർമ്മാണം ആരംഭിച്ച ഭവന നിർമ്മാണങ്ങൾ പൂർത്തീകരിച്ചില്ല.

പഞ്ചായത്ത് ഫണ്ടിൽ നിന്നും വിവിധ ഭവന നിർമ്മാണങ്ങൾ, പുനരുദ്ധാരണങ്ങൾ എന്നിവക്കായി ധനസഹായം കൈപ്പറ്റിയ താഴെ പ്പറയുന്ന ഗുണഭോക്താക്കൾ വീടിന്റെ പ്രവൃത്തി പൂർത്തീകരിച്ചില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, മേൽവിലാസം, വാർഡ് | പ്രോജക്ട് പേര് പ്രവർത്തി ആരംഭിച്ച വർഷം | അനുവദനീയ മായ തുക | കൈപ്പറ്റിയ തുക |
|---|---|---|---|
| ശ്രീ.ശിവദാസൻ, കുണ്ടാലംചേരി | ഇ.എം.എസ്. ഭവനം പദ്ധതി, (ജനറൽ) 2009-10 | 75000 | 52500 |
| ശ്രീ.ബാലൻ, വയപ്പുരത്താക്കിൽ | | 75000 | 67500 |
| ശ്രീ.സുനിൽ ബാബു, പനരുക്കണ്ടിയിൽ | | 75000 | 67500 |
| ശ്രീമതി.സൈനബ, പുതുശ്ശേരിമീത്തൽ | | 75000 | 52500 |
| ശ്രീമതി.ജാനു പുരയിൽ | | 75000 | 52500 |
| ശ്രീമതി സരസ്വതി, കുറ്റപ്പശാംകണ്ടിയിൽ | | 75000 | 52500 |
| ശ്രീ.അബൂബക്കർ.സി.പി,വലിയകുളങ്ങരമീത്തൽ | | 75000 | 67500 |
| ശ്രീ.ബാലൻ നായർ, കയ്യപ്പട്ട വീട് | | 75000 | 67500 |
| ശ്രീമതി.മീനാക്ഷി അമ്മ, പനക്കാട്ട് | | 75000 | 52500 |
| ശ്രീ.രാധാകൃഷ്ണൻ വാലിൽ | | 75000 | 22500 |
| ശ്രീമതി.പ്രേമലത, ചെമ്പക്കോട്ടുത്താഴത്ത് | | 75000 | 22500 |
| ശ്രീമതി.ആമിന, പൂന്താനത്തുമീത്തൽ | | 75000 | 67500 |
| ശ്രീ.സുരേഷ് ബാബു, മേനോലി മീത്തൽ | | 75000 | 67500 |
| ശ്രീമതി.സുമതി അമ്മ, നമ്പോനത്തിൽ | | 75000 | 67500 |

| | | | |
|---|---|---|---|
| ശ്രീ.പ്രമോദ്, മണ്ണാറംകുന്ന് | | 75000 | 67500 |
| ശ്രീ.ആനന്ദൻ.കെ.പി, കീഴ്വലത്ത് | | 75000 | 52500 |
| ശ്രീമതി.ജാനു, കുട്ടംച്ചിപറമ്പിൽ | | 75000 | 52500 |
| ശ്രീ.സുനിൽ കുമാർ, ഇളംമ്പാച്ചിക്കുഴിയിൽ | | 75000 | 22500 |
| ശ്രീ.അശോകൻ, മേലേ കീഴ്മഠത്തിൽ | | 75000 | 67500 |
| ശ്രീ. സുനിൽ കുമാർ, മണിയഞ്ചേരി | | 75000 | 67500 |
| ശ്രീ.വാസു, ചൂരക്കാട്ട് | | 75000 | 52500 |
| ശ്രീ.ഗിരീഷ് കുമാർ, കായക്കൽ | | 75000 | 52500 |
| ശ്രീ.അനിൽ കുമാർ, കൊളപ്പറമ്പത്ത് | | 75000 | 67500 |
| ശ്രീ.ബ്രഷ്, കുന്നത്ത് മല2010-11 | എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി | 75000 | 22500 |
| ശ്രീ.മെർവ്വിൻ ഡിക്രൂസ്, മുതുവന ലക്ഷം വീട്. 2011-12 | | 75000 | 225000 |

ഭവനനിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ നിയമാനുസൃത സമയം അനുവദിച്ചിട്ടും പഞ്ചായത്തുമായി ഗുണഭോക്താക്കൾ ചമച്ച കരാർ വ്യവസ്ഥകൾ പാലിക്കാതെ പ്രവൃത്തി നീട്ടി കൊണ്ടു പോകുന്നത് ശരിയായ നടപടിയല്ല. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 മേൽക്കൂര നവീകരണത്തിന് അനർഹമായി സബ്സിഡി അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി,
പദ്ധതി പേര്, നം.- മേൽക്കൂര നവീകരണം, 22/15-16
അടങ്കൽ തുക – 2,50,000/- (വികസന ഫണ്ട്, എസ്.സി.പി)
ചെലവഴിച്ച തുക – 1,00,000/- [ബിൽ നം.4/15-16, 18.03.2016]

പഞ്ചായത്ത് പരിധിയിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളതും പട്ടികജാതി വിഭാഗത്തിൽപെട്ടവരുമായ കുടുംബങ്ങളുടെ ഭവനങ്ങൾ പുനരുദ്ധാരണം നടത്തുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും സബ്സിഡി ആനുകൂല്യം അനർഹമായി താഴെ പറയുന്ന കുടുംബത്തിന് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര്,മേൽവിലാസം | സബ്സിഡി തുക, ഡി.ഡി.നം, തീയ്യതി | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| ശ്രീമതി രാധ, 'രാധാസ്' പറമ്പിൽ.(പി.ഒ) | 25,000/- 483275/18.03.16 | അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം ശ്രീമതി. രാധ യുടെ ഭർത്താവ് ശ്രീ.ദാസൻ പെൻഷണറാണ്. |

16.11.2013 ലെ (എം.എസ്) നമ്പർ.362/2013/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ)അനുബന്ധം 16 ഖണ്ഡിക. 2.14 (i) പ്രകാരം സർക്കാർ, അർദ്ധസർക്കാർ തുടങ്ങിയവയിലെ ജീവനക്കാർ, പെൻഷണർമാർ എന്നിവയിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബം ഉള്ളവരെ 50,000/- കുറവ് വരുമാനം ഉള്ളവരായി കണക്കാക്കാവുന്നതല്ല. ഗുണഭോക്താക്കൾ സമർപ്പിച്ച രേഖകളിൽ വിശദമായ പരിശോധന നടത്തുന്നതിലെ വീഴ്ചകൊണ്ടാണ് അനർഹരായ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിക്കുവാൻ കാരണമായത്. സബ്സിഡി മാർഗ്ഗരേഖ അർഹതാ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷിക്കാൻ അർഹതയില്ലാത്ത ഗുണഭോക്താക്കൾക്കും പഞ്ചായത്ത് കമ്മറ്റിതന്നെ അർഹത, മുൻഗണനാ മാനദണ്ഡം നിശ്ചയിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കാരണം അർഹരിൽ ഏറ്റവും അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കുക എന്ന ലളിതവും നീതിയുക്തവുമായ രീതി നടപ്പാക്കുന്നതിൽ പഞ്ചായത്ത് ഭരണ സമിതി തന്നെ വീഴ്ച വരുത്തി. ദാരിദ്ര്യ ലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം എന്നിവ സാധ്യമാക്കുന്നതിന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾക്ക് അർഹരായവരെ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ പക്ഷപാതരഹിതമായി കണ്ടെത്തുക എന്ന പരമപ്രധാന ഉത്തരവാദിത്തം ഗ്രാമസഭകളിലൂടെ ഫലപ്രദമായി നടപ്പാക്കുന്നതിലും വീഴ്ച സംഭവിച്ചതായി ഓഡിറ്റിൽ വിലയിരുത്തുന്നു. അനർഹയായ ഗുണഭോക്താവിന് അനുവദിച്ച സബ്സിഡി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-11 റോഡ് റീ-സോളിംഗ് ചെയ്തുമൂലം പഞ്ചായത്ത് ഫണ്ടിന് സാമ്പത്തിക നഷ്ടം.

പ്രോജക്റ്റിന്റെ പേര്, നം : പുന്നത്തോട്ടത്തിൽ - മുള്ളൻ പറമ്പ് റോഡ് നിർമ്മാണം, 212/16

കരാറുകാരൻ : ശ്രീ.രത്നാകരൻ

എം. ബുക്ക് നം : 239/15-16, 222/15-16

ചെലവ് : 1,98,474 (തനത് ഫണ്ട്)

ചെക്ക് നം. : 73621/22.03.2016

പൊയിൽതാഴം റോഡിൽ നിന്നും മുള്ളൻ പറമ്പിലേക്ക് പോകുന്ന 80 മീറ്റർ റോഡ് മുൻ വർഷങ്ങളിൽ സോളിംഗ് നടത്തിയിട്ടുള്ളതാണെന്നും ഇതിൽ 40 മീറ്ററോളം സോളിംഗ് താഴ്ന്ന പോയതായും ഈ ഭാഗം വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥയിലാണെന്നും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. മേൽ പ്രോജക്റ്റ് പ്രകാരം 40 മീറ്റർ റോഡിൽ വീണ്ടും സോളിംഗ് നടത്തുകയും ആകെയുള്ള 80 മീറ്ററിൽ മെറ്റലിംഗ്, ടാറിംഗ് എന്നിവ നടത്തിയിട്ടുമുണ്ട്. റീ-സോളിംഗ് നടത്തുന്നതിന് ഐ.ആർ.സി സ്പെസിഫിക്കേഷനിൽ വ്യവസ്ഥയില്ല. 40 മീ. റീ സോളിംഗ് നടത്തുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിരിക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 1 | 63എം.എം - 45 എം.എം മെറ്റൽ & സപ്ലൈ സ്റ്റാക്കിംഗ്: 10.58m3 @1861.85/1 m3<br>(DSR-item No. 16.3.2) | 19698.37 |
| 2 | ഗ്രേഡ് 2 മെറ്റൽ വിരിക്കലും കോംപാക്ട് ചെയ്യലും : 8.72m3 @587/1 m3 | 5118.64 |
| | ആകെ | 24817.01 |

ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ മുമ്പ് സോളിംഗ് നടത്തിയ റോഡിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. ഏത് വർഷമാണ് റോഡിന്റെ സോളിംഗ് ആദ്യമായി നടത്തിയതെന്നും വ്യക്തമല്ല. ആയതിനാൽ കരാറുകാരൻ നടത്തിയ റോഡ് നിർമ്മാണത്തിലെ അപാകം മൂലമാണോ അതല്ല സോളിംഗ് ചെയ്ത റോഡിന് യഥാസമയം ഗ്രാമപഞ്ചായത്ത് തുടർ പ്രവൃത്തികൾ നടത്താതിരുന്നതു കൊണ്ടാണോ റീ -സോളിഗ് നടത്തേണ്ടി വന്നതെന്ന് അറിയാൻ കഴിഞ്ഞില്ല. കരാറുകാരൻ നിർമ്മിച്ച സോളിംഗ് റോഡ് ഗ്യാരണ്ടി പിരീഡിനുള്ളിൽ തകർന്നതാണെങ്കിൽ റീ-സോളിംഗിന് ചെലവായ തുക കരാറുകാരനിൽ നിന്നും അല്ലാത്തപക്ഷം പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയ എഞ്ചിനീയറിൽ നിന്നും പ്രോജക്ടിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## **3-12** <u>വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ കോൺക്രീറ്റ് റോഡ് നിർമ്മാണം - ഐ.ആർ.സി സ്പെസിഫിക്കേഷനു വിരുദ്ധം</u>

2015-16 വർഷം ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന കോൺക്രീറ്റ് റോഡുകൾ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് | ഫണ്ടിനം | ചെക്ക് നം, തീയ്യതി | കൺവീനറുടെ പേര് |
|---|---|---|---|---|---|---|
| 1. | 76/16 | പാണ്ടി പുനത്തിൽ താഴം-പുനത്തിൽ റോഡ് | 2,00,000 | തനത് ഫണ്ട് | ലഭ്യമല്ല. | ശ്രീ.സുരേന്ദ്രൻ.എം |
| 2. | 83/16 | പുതുക്കടി താഴം - പുല്ലിടാം പറമ്പ് റോഡ് | 1,36,322 | തനത് ഫണ്ട് | 76307/ 22. 12.15 | ശ്രീ.ഷിജു.വി.പി |
| 3. | 103/16 | ചെന്നിക്കോട്ട് കുളം – ചെന്നിക്കോട്ട് കുന്ന് റോഡ് | 47,170 | തനത് ഫണ്ട് | 76304/ 30.11.15 | ശ്രീ.മനോഹരൻ |
| | | ആകെ | 3,83,492 | | | |

ചീഫ് എഞ്ചിനീയറുടെ 16.10.2012 ലെ ഡി.ബി 4-7462/2012/സി.ഇ തസ്വഭവ നമ്പർ കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള റോഡ് പ്രവൃത്തികൾ ഐ.ആർ.സി സ്പെസിഫിക്കേഷൻ

പ്രകാരമായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഐ.ആർ.സി ഇനം നം. 34-2011 പ്രകാരം വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലെ റോഡ് നിർമ്മാണത്തിന് കോൺക്രീറ്റ് റോഡ് അല്ല പരിഹാരമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മണ്ണിട്ടുയർത്തി ആവശ്യമായ ഡ്രൈനേജ് സംവിധാനം ഏർപ്പെടുത്തി ടാറിംഗ് റോഡ് നിർമ്മിക്കുകയാണ് വേണ്ടതെന്ന് നിഷ്കർഷിക്കുന്നു. ഐ.ആർ.സി സ്പെസിഫിക്കേഷനു വിരുദ്ധമായി വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചതിന് ചെലവഴിച്ച 3,83,492/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, മറ്റു രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ പറയുന്നു.

1. മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട കാഷ്ബുക്ക്, വർക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.
2. ഗുണഭോക്തൃ കമ്മിറ്റി നിർവ്വഹണ ചുമതലയേറ്റെടുത്ത റോഡ് പ്രവൃത്തികളിൽ ബിറ്റുമെൻ ആവശ്യമായി വരുന്ന സംഗതികളിൽ ആയത് തദ്ദേശ സ്ഥാപനം വിതരണം ചെയ്യുന്നതിനു പകരം കരാറുകാരാണ് വാങ്ങിയിട്ടുള്ളത്(കോട്ടയകത്ത് കുഴിയാങ്ങൽ റോഡ്, പ്രോജക്റ്റ് നം.43/16 കൺവീനർ - ശ്രീ.പ്രകാശൻ.എം, ടാർ വാങ്ങി നൽകിയത് - ശ്രീ പ്രദീപൻ PWD കോൺട്രാക്ടർ) എന്നാൽ ചില പ്രവൃത്തികളുടെ കാര്യത്തിൽ ബിറ്റുമെൻ വാങ്ങിയതിന്റെ ബിൽ ഫയലിൽ അടക്കം ചെയ്തിട്ടില്ല (ഉദാ: 1.നമ്പോനത്തിൽ കുരുവട്ടൂർ സ്കൂൾ റോഡ്-പ്രോജക്റ്റ് നം.46/16, 2. പറമ്പിൽ പൂളക്കടവ് റോഡ്-215/16).
3. ഓഡിറ്റ് വർഷത്തിൽ കരാറുകാർ നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച ഫയലിൽ അവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് അടക്കം ചെയ്തിട്ടില്ല.
4. 2015-16 വർഷം കരാറുകാർ ഏറ്റെടുത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലിലൊന്നും തന്നെ നികുതി കോംപൗണ്ട് ചെയ്തതിന്റെ രേഖയില്ല. അതേ അവസരത്തിൽ നികുതി കോംപൗണ്ട് ചെയ്തവരുടെ കാര്യത്തിലെന്ന പോലെയാണ് (4%) ബിൽ പ്രകാരം വാറ്റ് ഈടാക്കിയിരിക്കുന്നത്.
5. മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം 4,44,19,908 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തിക്കായി ചെലവഴിച്ചത് 2,04,54,897(46%) മാത്രമാണ്.

അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്ട് നംമ്പർ, പേര് - 271/16, തെരുവ് നായ വന്ധ്യകരണം- ജില്ല പഞ്ചായത്ത് വിഹിതം.

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ തുക - 2,00,000 /- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് തുക – 2,00,000/- (ബിൽ നം, തീയ്യതി - 43/15-16, 26.03.2016)

തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി ജില്ലാതലത്തിൽ നടപ്പാക്കുന്ന പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 2,00,000/- രൂപ പിൻവലിച്ച് (ഡി.ഡി നം 484115/29.03.2016) ജില്ല പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി ജില്ലാപഞ്ചായത്ത് നടപ്പാക്കിയതിന്റെ വിശദാംശങ്ങളോ, തുക ഫലപ്രദമായി വിനിയോഗിച്ചതിനുള്ള സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്രസർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ അസംഘടിത, അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 240/- രൂപ). പദ്ധതി നടത്തിപ്പിനായി പണം ചെലവിടുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്ര തുക വേണമെങ്കിലും ചെലവഴിച്ച് ഗ്രാമപഞ്ചായത്തുകളിലെ മുഴവൻ തൊഴിൽരഹിതർക്കും, അവിദഗദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതിയിലൂടെ പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന

വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്ന് മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷത്തിൽ തൊഴിൽരഹിത വേതനം വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ബിൽ നം, തീയ്യതി |
|---|---|---|
| 443 | 5,21,640 | 06/15-16, 21.08.2015 |
| 382 | 2,25,240 | 39/15-16, 15.03.2016 |
| | 7,46,880 | |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നിരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽരഹിതവേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## **3-16** <u>പരിമിതമായ അടിസ്ഥാന സൗകര്യങ്ങളോടെ കൃഷി ഭവൻ പ്രവർത്തിക്കുന്നു.</u>

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166(1), പട്ടിക3 പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് കൈമാറിക്കിട്ടിയ കൃഷിഭവനുകളുടെ നടത്തിപ്പ് ഏറ്റെടുത്ത് നടത്തേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖല അടിസ്ഥാനത്തിലുള്ള ചുമതലയാണ്. ഓഡിറ്റിന്റെ ഭാഗമായി ഗ്രമപഞ്ചായത്തിനു കൈമാറികിട്ടിയ കൃഷിഭവൻ നേരിട്ട് സന്ദർശിച്ചതിൽ (19.10.2016) നിന്നും മേൽ സ്ഥാപനത്തിന്റെ നിലവിലെ

പ്രവർത്തനാവസ്ഥ താഴെ കൊടുക്കുന്നു.

കുരുവട്ടൂർ അങ്ങാടിയിൽ നിലവിൽ വാടക കെട്ടിടത്തിലാണ് കൃഷിഭവൻ പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനങ്ങൾ നടത്തുന്നതിന് പരിമിതമായ സ്ഥലം സൗകര്യമാണുള്ളത്. ആകെ 50 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ സസ്യസംരക്ഷണ മരുന്നുകൾ, വിത്തുകൾ, തൈകൾ തുടങ്ങിയവ സൂക്ഷിക്കുന്നതിന് ആവശ്യമായ സ്ഥലം ഇല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 181, 18.09.1995 ലെ സ.ഉ.(പി)189/95/ത.സ്വ.ഭ. എന്നിവ പ്രകാരം സർക്കാരിന്റെ വിവിധ വകുപ്പുകളിൽപ്പെട്ട സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. 08.10.1996ലെ (എം.എസ്) നം.310/96/കൃഷി ഉത്തരവിലൂടെ കൃഷി വകുപ്പിൽ നിന്ന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്ക് കൈമാറുന്ന അധികാരങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനുകൾക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുവാനും അവയിൽ അംഗീകൃത പ്ലാൻ അനുസരിച്ച് പുതിയ കെട്ടിടം, ജീവനക്കാർക്കുള്ള വസതികൾ എന്നിവ നിർമ്മിച്ച് നൽകേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് വർഷങ്ങളുടെ പഴക്കമുണ്ടായിരിക്കേ അതിന് ആവശ്യമായ പദ്ധതി രൂപീകരിക്കാനോ തുക വകയിരുത്താനോ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. ഇത് പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നവരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായിട്ടേ ഓഡിറ്റിൽ വിലയിരുത്താൻ കഴിയൂ. ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പോരായ്മകൾ കാലതാമസമില്ലാതെ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2. നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര് | സർക്കാർ ഉത്തരവ് നം, തീയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(എം.എസ്) 533/ 2010/ത.സ്വ.ഭ.വ, 18.02.2010 | 52500 | 3153792 | 1626502 | --- | 1579790 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 7500 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | ---- |
| ആകെ | 7500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ---- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7500 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോഴിക്കോട് ജില്ല സഹകരണ ആശുപത്രി ഷെയർ സർട്ടിഫിക്കറ്റ് (എസ്.നം.2987(2011-12) | 2500 |
| കരിപ്പൂർ വിമാനത്താവളം - പലിശ രഹിത നിക്ഷേപം | 5000 |
| ആകെ | 7500 |

## 4-6. ഓഡിറ്റ് റിക്കവറി. -

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം |
|---|---|---|
| 1999-00, 30(എ) | 2003-04, 7(21) | കാലഹരണപ്പെട്ട നികുതികളുടെ വിവരം. |
| 2000-01 | 2004-05, 8(10) | നികുതി പിരിവിൽ അലംഭാവം - കുടിശ്ശിക പെരുകുന്നു. |
| 2001-02 | 2004-05, 8(50) | |
| 2002-03, 3(2) | 2006-07, 3.79.5(12) | വസ്തു കൈമാറ്റത്തീരുവയിൽ നിന്നും തുക തട്ടിക്കിഴിച്ച് വാട്ടർ അതോറിറ്റിക്ക് നൽകിയതിൽ അപാകത. |
| 2002-03, 3(15) | 2006-07, 3.79.6(12) | മണൽ വിൽപ്പന – റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് ക്യാഷ് രശീതിയില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 30834456 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56276732 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 65500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 940042 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-4 | | 11500+പലിശ | |
| 3-5 | | 4194 | ശ്രീ.സജി.കെ.എസ്. വെറ്റിനറി സർജ്ജൻ |
| 3-10 | | 25000 | ശ്രീമതി.പവിത്ര.കെ.കെ. അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | | 24818 | ശ്രീ.കെ.കെ.വേലായുധൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ.മുഹമ്മദ് അഷറഫ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 65500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 304050 | ശ്രീമതി രമേഷ് ദേവകി.കെ.വി, ഹെഡ്മിസ്ട്രസ് |
| 3-8 | 52500 | ശ്രീ.ഗോപാലകൃഷ്ണൻ.പി, വി.ഇ.ഒ |
| 3-12 | 383492 | ശ്രീ.കെ.കെ.വേലായുധൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | 200000 | ശ്രീമതി.എൻ.ആർ.രാധിക, സെക്രട്ടറി. |
| | 940042 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജി.കെ.എസ്.<br>വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ<br>കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് | 2/1998 ബി, പാരഡൈസ് വിഷൻ സിവിൽ സ്റ്റേഷൻ കോഴിക്കോട്.20 |
| ശ്രീമതി.പവിത്ര.കെ.കെ<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>മടവൂർ ഗ്രാമപഞ്ചായത്ത് | നന്ദനം, കോലാപ്പറമ്പത്ത് കുരുവട്ടൂർ പി.ഒ. കോഴിക്കോട്.673611 |
| ശ്രീ.കെ.കെ.വേലായുധൻ, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് | കമലമകുന്നത്ത്<br>താമരശ്ശേരി ഗ്രാമപഞ്ചായത്ത് |
| ശ്രീ.മുഹമ്മദ് അഷറഫ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് | അരീക്കൽ (ഹൗസ്)<br>ചെലവൂർ.പി.ഒ<br>കോഴിക്കോട് |
| ശ്രീമതി രമേഷ് ദേവകി.കെ.വി, ഹെഡ് മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ചാത്തമംഗലം | തണ്ടാമണ്ണിൽ വീട്, കുന്ദമംഗലം പി.ഒ. കോഴിക്കോട് |
| ശ്രീ.ഗോപാലകൃഷ്ണൻ.പി, വി.ഇ.ഒ | വി.ഇ.ഒ. കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | പട്ട്യേരി വീട്,<br>കാരപ്പറമ്പ് പി.ഒ<br>കോഴിക്കോട്.673010 |
| ശ്രീമതി.എൻ.ആർ.രാധിക, സെക്രട്ടറി. | സെക്രട്ടറി, കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് | കുളങ്ങരകുടി വീട് വെങ്ങാലിൽ അപ്പാർട്ട്മെന്റ്സ്, 1 എ, തളി, ചാലിൽ.പി.ഒ, കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1985-86 | എൽ.എഫ്.കെ.കെ.ഡി.പി.3/939/09(1), 06.10.2009 | 2 |
| 1986-87 | എൽ.എഫ്.കെ.കെ.ഡി.പി.3/939/09(2), 06.10.2009 | 5 |

| | | |
|---|---|---|
| 1987-88 | എൽ.എഫ്.കെ.കെ.ഡി.പി.3/939/09(3), 06.10.2009 | 8 |
| 1988-89, 1989-90 | എൽ.എഫ്.കെ.കെ.ഡി.പി.3/939/09(4), 06.10.2009 | 5 |
| 1990-91, 1991-92 | എൽ.എഫ്.കെ.കെ.ഡി.പി.3/939/09(5), 06.10.2009 | 5 |
| 1992-93 | എൽ.എഫ്.കെ.കെ.ഡി.പി.3/1533/09(7), 07.06.2011 | 2 |
| 1993-94 | എൽ.എഫ്.കെ.കെ.ഡി.പി.3/1533/09(8), 07.06.2011 | 6 |
| 1994-95 | എൽ.എഫ്.കെ.കെ.ഡി.പി.3/1533/09(9), 07.06.2011 | 6 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.എസ്.1/721/98, 08.04.1999 | 6 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.എസ്.1/1146/00, 08.03.2001 | 7 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി.3/1533 /09(10), 07.06.2011 | 11 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.എസ്.1/1111/02, 08.03.2002 | 32 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി.3/82/14, 22.04.2014 | 13 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.എസ്.1/1011/03, 31.12.2003 | 5 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.3/1533 /09(11), 07.06.2011 | 1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി.3/1533 /09(12), 07.06.2011 | 2 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.എസ്.1/1110/07, 13.03.2008 | 19 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.3/1533 /09(13), 07.06.2011 | 4 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.3/1533 /09(14), 07.06.2011 | 8 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.3/1533 /09(15), 07.06.2011 | 21 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.3/1271/11, 05.07.2012 | 22 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.3/660/12, 22.06.2012 | 14 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.3/660/12, 22.06.2012 | 18 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.3/54/14, 05.07.2012 | 15 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി./പി.3/1458, 09.10.2015 | 12 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി.3/1163, 02.07.2016 | 17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.13/990/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ - 0495-2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in
തീയ്യതി. 02-11-2016.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംഭിച്ചും കോഴിക്കോട് കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക.2.1ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P3/1942/2016

Kerala State Audit Department
District Audit Office
Civil Station, Kozhikode
E-mail:dokkd.ksad@kerala.gov.in
Ph. 0495 – 2371012

Dated. 02.11.2016.

# AUDIT CERTIFICATE

Certified thaht I have audited the Annual Financial Statement of Kuruvatoor Grama Panchayath in Kozhikode District for the year ended on 31.03.2016 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Kuruvatoor Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
District Audit Office, Kozhikode.